"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- പ്രാഥമിക മത്സ്യസഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(കൈ) നം.3/2024/F&P തീയതി,തിരുവനന്തപുരം, 20-02-2024

---

പരാമർശം:-

1. സ.ഉ.(അച്ചടി)നം.124/2006/സഹ തീയതി 29.06.2006
2. സ.ഉ.(സാധാ) നം. 102/2016/മതുവ തീയതി 10.02.2016
3. സ.ഉ.(സാധാ) നം.96/2017/മതുവ തീയതി 10.02.2017
4. ഫിഷറീസ് ഡയറക്ടറുടെ 20/08/2019 ലെ എഫ്.3/6363/2012 നമ്പർ കത്ത്
5. സ.ഉ (പി) നം.32/2021/സഹ തീയതി 15.02.2021

**<u>ഉത്തരവ്</u>**

പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളെ ക്ലാസിഫൈ ചെയ്തും സ്റ്റാഫ് പാറ്റേണും ശമ്പളസ്കെയിലുകളും നിശ്ചയിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2006 നു ശേഷം പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിൽ ശമ്പള പരിഷ്കരണം നടത്തിയിട്ടില്ലാത്തതിനാൽ പരാമർശം (2), (3) പ്രകാരം രൂപീകരിച്ച ഫിഷറീസ് ഡയറക്ടർ ചെയർമാനായ ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 01/07/2011 മുതൽ പ്രാബല്യത്തിൽ പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ച് പുറപ്പെടുവിച്ച പരാമർശം 5 ഉത്തരവിനെ അടിസ്ഥാനമാക്കി പ്രാഥമിക മത്സ്യസഹകരണ സംഘങ്ങളിലെ അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം 01/04/2019 മുതൽ പ്രാബല്യത്തിൽ ചുവടെ ചേർക്കും പ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

പുതുക്കിയ സ്കെയിലിലെ ക്ഷാമബത്ത ഏകീകരിക്കുന്നതിലേക്കായി പ്രാഥമിക മത്സ്യസഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും 57% ക്ഷാമബത്ത പുതുക്കിയ സ്കെയിലിൽ നിലനിർത്തിക്കൊണ്ട് പ്രീ-റിവൈസ്ഡ് സ്കെയിലിൽ ആകെയുള്ള 295% ക്ഷാമബത്തയിൽ ബാക്കിയുള്ള 238% ക്ഷാമബത്ത ലയിപ്പിച്ചുകൊണ്ട് പുതുക്കിയ ശമ്പളസ്കെയിൽ താഴെപറയും പ്രകാരം രൂപീകരിക്കാവുന്നതാണ്. ടി ജീവനക്കാർക്ക് 2006 മുതൽ നാളിതുവരെ ശമ്പളപരിഷ്കരണം ലഭിച്ചിട്ടില്ലാത്തതിനാൽ 10%

ഫിറ്റ്മെന്റ് ബെനിഫിറ്റ് പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിൽ അനുവദിച്ചിട്ടുള്ള രീതിയിൽ (അതായത് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും കൂടി കൂട്ടിയ തുകയെ അടിസ്ഥാനപ്പെടുത്തി) അനുവദിക്കാവുന്നതാണ്.

**Lowest Pay**

2550 + 238% DA + 10% Fitment benefit of (2550 + 238% DA) = 9480/-

**Highest Pay**

11685 + 238% DA + 10% Fitment benefit of (11685 + 238% DA)= 43444/- rounded to 43660/-

**Revised scale**

9480-290/3-10350-330/5-12000-370/5-13850-420/5-15950-470/5-18300-530/5-20950-590/5-23900-670/5-27250-750/5-31000-830/5-35150-910/5-39700-990/4-43660(57)

ആയതുപ്രകാരം വിവിധ ക്ലാസ്സുകളിൽ ഉൾപ്പെട്ട പ്രാഥമിക മത്സ്യസഹകരണസംഘങ്ങളിലെ തസ്തികകളുടെ ശമ്പളസ്കെയിലുകൾ താഴെപ്പറയുന്ന പ്രകാരം പുതുക്കിനൽകാവുന്നതാണ്;

| SL. No | DESIGNATION | EXISTING SCALE | Revised SCALE |
|---|---|---|---|
| | | 2550-50/2-2650-65/5-2975-80/5-3375-90/5-3825-100/6-4425-125/6-5175-150/6-6075-175/5-6950-200/4-7750-225/3-8425-265/4-9485-300/5-10985-350/2-11685(58) | 9480-290/3-10350-330/5-12000-370/5-13850-420/5-15950-470/5-18300-530/5-20950-590/5-23900-670/5-27250-750/5-31000-830/5-35150-910/5-39700-990/4-43660 (57) |
| 1 | Class I Secretary | 5775-150/2-6075-175/5-6950-200/4-7750-225/3-8425-265/4-9485-300/5-10985-350/2-11685(25) | 21540-590/4-23900-670/5-27250-750/5-31000-830/5-35150-910/5-39700-990/4-43660 (28) |
| 2 | Class II Secretary | 5325-150/5-6075-175/5-6950-200/4-7750-225/3-8425-265/4-9485-300/4-10685(25) | 19890-530/2-20950-590/5-23900-670/5-27250-750/5-31000-830/5-35150-910/5-39700-990/1-40690 |

| | | | |
|---|---|---|---|
| | | | (28) |
| 3 | Class I<br><br>Assistant Secretary,<br><br>manager | 4925-125/2-5175-150/6-6075-175/5-6950-200/4-7750-225/3-8425-265/4-9485(24) | 18830-530/4-20950-590/5-23900-670/5-27250-750/5-31000-830/5-35150-910/1-36060(25) |
| 4 | Class I<br><br>Accountant/<br><br>Class III<br><br>Secretary | 4550-125/5-5175-150/6-6075-175/5-6950-200/4-7750-225/3-8425-265/1-8690(24) | 17360-470/2-18300-530/5-20950-590/5-23900-670/5-27250-750/5-31000-830/2-32660 (24) |
| 5 | Class II<br><br>Manager | 4450-125/1-5175-150/6-6075-175/56950-200/4-7750-225/3-8425-265/1-8690(24) | 16890-470/3-18300-530/5-20950-590/5-23900-670/5-27250-750/5-31000-830/2-32660 (25) |
| 6 | Class II<br><br>Accountant | 3925-100/5-4425-125/6-5175-150/6-6075-175/5-6950-200/2-7350(24) | 14690-420/3-15950-470/5-18300-530/5-20950-590/5-23900-670/5-26580-750/1-28000(24) |
| 7 | Class I<br><br>Clerk/<br><br>Class II<br><br>Senior Clerk/<br><br>Class IV<br><br>Secretary | 3555-90/3-3825-100/6-4425-125/6-5175-150/6-6075-175/3-6600(24) | 13480-370/1-13850-420/5-15950-470/5-18300-530/5-20950-590/5-23900-670/1-24570 (22) |
| 8 | Class I & II<br><br>Junior Clerk/<br><br>Class III<br><br>Accountant/<br><br>Class V | 3215-80/2-3375-90/5-3825-100/6-4424-125/6-5175-150/5-5925(24) | 12000-370/5-13850-420/5-15950-470/5-18300-530/5-20950-590/2-22130(22) |

| | | | |
|---|---|---|---|
| | Secretary | | |
| 9 | Class III & Class IV<br>Clerk/<br>Class VI<br>Secretary | 2650-65/5-2975-80/5-3375-90/5-3825-100/6-4425-125/2-4675(23) | 10060-290/1-10350-330/5-12000-370/5-13850-420/5-15950-470/4-17830(20) |
| 10 | Class I,II,III & IV<br>Attender | 2600-50/1-2650-65/5-2975-80/5-3375-90/5-3825-100/6-4425(22) | 9770-290/2-10350-330/5-12000-370/5-13850-420/5-15950-470/2-16890(19) |
| 11 | Class V<br>Attender | 2550-50/2-2650-65/5-2975-80/5-3375-90/5-3825-100/5-4325(22) | 9480-290/3-10350-330/5-12000-370/5-13850-420/5-15950-470/1-16420(19) |

<u>പുതുക്കിയ സ്കെയിലിലെ ശമ്പളനിർണ്ണയരീതി:</u>

നിലവിലെ ശമ്പളം എന്നത് **01.04.2019** ലെ അടിസ്ഥാനശമ്പളം ആണ്. ഇത് **01.04.2019-**ൽ ലഭിക്കേണ്ട സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ് അടക്കമുള്ള ഇൻക്രിമെന്റ് ഉൾപ്പെടെയുള്ളതാണ്. പ്രസ്തുത അടിസ്ഥാന ശമ്പളത്തോടൊപ്പം **01.04.2019-**ൽ നിലവിലുള്ള **295%** ക്ഷാമബത്തയിൽ **238%** ക്ഷാമബത്ത ലയിപ്പിച്ച ശേഷം ലഭിക്കുന്ന തുകയുടെ **10%** ഫിറ്റ്മെന്റ് ബെനെഫിറ്റ്, പൂർത്തിയാക്കിയ ഓരോ വർഷത്തിനും **1/2%** എന്ന കണക്കിൽ പരമാവധി അടിസ്ഥാന ശമ്പളത്തിന്റെ **12%** തുക സർവ്വീസ് വെയിറ്റേജ് എന്നിവ കൂട്ടിയാൽ കിട്ടുന്ന തുക പുതുക്കിയ സ്കെയിലിലെ ഒരു സ്റ്റേജ് ആണെങ്കിൽ അതിലും അല്ലെങ്കിൽ തൊട്ടടുത്ത സ്റ്റേജിലും ശമ്പളം നിശ്ചയിക്കേണ്ടതാണ്. പരിഷ്കരിച്ച സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുമ്പോൾ ശമ്പളസ്കെയിലിന്റെ പരമാവധി തുകയിൽ അധികരിക്കുകയാണെങ്കിൽ പുതുക്കിയ സ്കെയിലിന്റെ പരമാവധി തുക അടിസ്ഥാനശമ്പളമായി നിശ്ചയിക്കേണ്ടതും ശേഷിക്കുന്ന തുക പെഴ്സണൽ പേ ആയി കണക്കാക്കേണ്ടതും ആയത് തുടർന്നുള്ള സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിൽ ലയിപ്പിക്കാൻ പാടില്ലാത്തതുമാണ്. ടി പേഴ്സണൽ പേ പിന്നീടുള്ള എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും, അതായത് പിന്നീടുള്ള ശമ്പളനിർണ്ണയത്തിനും ലീവ് സാലറിയ്ക്കും ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കാവുന്നതാണ്. പരിഷ്കരിച്ച സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുമ്പോൾ ശമ്പളസ്കെയിലിന്റെ മിനിമത്തിൽ എത്തുന്നില്ലെങ്കിൽ പരിഷ്കരിച്ച ശമ്പളസ്കെയിലിന്റെ മിനിമത്തിൽ ശമ്പളം ഫിക്സ് ചെയ്യേണ്ടതാണ്.

<u>നിബന്ധനകൾ</u>

1. ശമ്പളപരിഷ്കരണത്തിന്റെ പ്രാബല്യത്തീയതി **01.04.2019** ആയിരിക്കും.

ശമ്പളപരിഷ്കരണത്തിന് ഓപ്ഷൻ ഉണ്ടായിരിക്കുന്നതല്ല. **01.04.2019-** ൽ സർവ്വീസിൽ തുടരുന്ന എല്ലാ സ്ഥിര ജീവനക്കാരും **01.04.2019** മുതൽ പ്രാബല്യത്തിൽ വരുന്ന പരിഷ്ക്കരിച്ച ശമ്പളസ്കെയിലിന്റെ പരിധിയിലായിരിക്കും. **01.04.2019** നോ അതിനുശേഷമോ സർവ്വീസിൽ പ്രവേശിച്ചവർ പരിഷ്കരിച്ച സ്കെയിലിൽ സർവ്വീസിൽ പ്രവേശിച്ചതായി കണക്കാക്കുന്നതാണ്. ശമ്പള പരിഷ്കരണത്തിന്റെ കാലയളവ് **01.04.2019** മുതൽ 5 വർഷത്തേയ്ക്കായിരിക്കും.

2. പരിഷ്കരിച്ച സ്കെയിലിലെ ക്ഷാമബത്ത **1-4-2019-ൽ 57%ഉം,** തുടർന്നുള്ള ക്ഷാമബത്ത സഹകരണസംഘം ജീവനക്കാർക്ക് ബാധകമായ ക്ഷാമബത്ത സംബന്ധിച്ച ഉത്തരവുകൾ പ്രകാരവുമായിരിക്കും.
3. ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ പുതുക്കിയ ശമ്പളവും അലവൻസുകളും പണമായി അനുവദിക്കാവുന്നതാണ്. ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട കുടിശ്ശികയുടെ കാര്യത്തിൽ സർക്കാർ പിന്നീട് തീരുമാനം എടുക്കുന്നതായിരിക്കും.
4. സമയബന്ധിത ഹയർഗ്രേഡ്, സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്, കണ്ണട അലവൻസ് മെഡിക്കൽ അലവൻസ് എന്നിവ, പരാമർശം 5 ഉത്തരവിലേയും അനുബന്ധ ഉത്തരവുകൾ/സർക്കുലർ എന്നിവയിലേയും വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും. പുതുക്കിയ അലവൻസുകൾക്ക് ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതൽ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.
5. വീട്ടു വാടക ബത്ത പരാമർശം 5 ഉത്തരവിന്റെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.
6. **01.03.2021** മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് അനുവദനീയമല്ല.
7. **EPF/CPF** ലെ തൊഴിലുടമാ വിഹിതം ടി ആക്ടിലെ നിലവിലെ നിയമപ്രകാരമായിരിക്കണം.
8. മേൽ ശമ്പളപരിഷ്കരണം ദിവസ വേതന/കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് ബാധകമല്ല.
9. മുൻകൂർ സർക്കാർ അനുമതിയില്ലാതെ ശമ്പള പരിഷ്കരണം, തസ്തികകളുടെ പുനർ നാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
10. മേൽ പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ/മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കാൻ പാടില്ല. ശമ്പള പരിഷ്കരണത്തിനു വേണ്ടി വരുന്ന അധിക സാമ്പത്തിക ബാധ്യത പ്രാഥമിക മത്സ്യസഹകരണ സംഘങ്ങളുടെ തനതു ഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാധ്യതയും ഏറ്റെടുക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**

പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആൻഡ് ഇ), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്. സി.) വകുപ്പ് (14.02.2024 ലെ ഇനം നം.2050 പ്രകാരം)
ധനകാര്യ വകുപ്പ് (862393 ഡവ-4/105/2018-ഫിൻ തീയതി 22.01.2024)
സഹകരണ വകുപ്പ്(09.03.2023-ലെ Co-Op-B1/44/2023-Co-Op)
ഡയറക്ടർ, വെബ് ആൻഡ് ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് .

ഉത്തരവിൻ പ്രകാരം

Signed by
Asbina A V
Date: 20-02-2024 17:11:39

സെക്ഷൻ ഓഫീസർ